മലേഷ്യൻ സഹായത്തോടെ റോഡുനിർമ്മാണം

39 [5016] ശ്രീ. പി.ടി. തോമസ്:
,, കെ. എ. ചന്ദ്രൻ:
,, കെ. മോഹൻകുമാർ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലേഷ്യൻ ഗവൺമെന്റിന്റെ സഹായത്തോടുകൂടി മണ്ണാറക്കുളഞ്ഞി-ചാലക്കയം റോഡ് വികസിപ്പിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഈ റോഡ് വികസിപ്പിക്കുന്നതിനുള്ള വനഭൂമി വിട്ടുകിട്ടിയോ; ഇല്ലെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടിയെടുത്തു;

(സി) എരുമേലിയിൽ നിന്ന് പമ്പയിലേക്കുള്ള നദീതട റോഡ് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം വേണ്ടെന്ന് വെച്ചുവോ; എങ്കിൽ എന്തുകൊണ്ട്;

(ഡി) ശബരിമലയുടെ വികസനത്തിന് അത്യാവശ്യമായ ഈ റോഡുകൾക്ക് പ്രാമുഖ്യം നൽകി പൂർത്തിയാക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ—ഡി) ഇതു സംബന്ധിച്ച് മലേഷ്യൻ സർക്കാരുമായി ചില പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. അന്തിമ തീരുമാനമെടുത്തിട്ടില്ല.

കേരളത്തിലെ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് മലേഷ്യൻ സർക്കാരുമായി ഒപ്പുവച്ച ധാരണാപത്രം

40 [5017] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി മലേഷ്യൻ സർക്കാരുമായി കേരള സർക്കാർ ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ സഹായമാണെന്നും ഇതു സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ റോഡുകൾക്കും അനുവദിക്കുന്ന തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പത്തനംതിട്ട റോഡ്സ് ഡിവിഷനിലെ ശബരിമല റോഡായ മണ്ണാറക്കുളഞ്ഞി-ചാലക്കയം റോഡ് മലേഷ്യൻ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അഭിവൃദ്ധിപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ റോഡിന്റെ ഏതു ഭാഗം മുതൽ ഏതു ഭാഗം വരെ എത്ര കിലോമീറ്റർ ദൂരം റോഡാണ് അഭിവൃദ്ധിപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ജി) ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും ഇതിന്റെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്നും വ്യക്തമാക്കാമോ;

(എച്ച്) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ഐ) ഈ തടസ്സങ്ങൾ നീക്കി എന്നത്തേക്ക് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്നും ഇതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ—ഐ) 2001 മാർച്ചിൽ മലേഷ്യൻ സർക്കാരുമായി ഒരു പ്രാഥമിക ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. അതനുസരിച്ച് പത്തനംതിട്ട ജില്ലയിലെ മണ്ണാറകുളഞ്ഞി മുതൽ പ്ലാപ്പള്ളി വരെയുള്ള 32 കി. മീ. റോഡ് രണ്ടുവരിപ്പാതയായും പ്ലാപ്പള്ളി മുതൽ പമ്പ വരെയുള്ള 26 കി.മീ. റോഡ് നാലുവരിപ്പാതയായും മലേഷ്യൻ സർക്കാരിന്റെ സഹായത്തോടെ വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ ജോലി ഏല്പിച്ചുകൊടുക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

മലേഷ്യൻ ഗവൺമെന്റിന്റെ പങ്കാളിത്തത്തോടെ ശബരിമല-പ്ലാപ്പള്ളി റോഡുനിർമ്മാണം

41 [5018] ശ്രീ. എ. പി. അനിൽകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ഇ. എം. അഗസ്തി:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല-പ്ലാപ്പള്ളി റോഡു നിർമ്മിക്കുവാൻ മലേഷ്യൻ ഗവൺമെന്റിനു പങ്കാളിത്തമുള്ള ഒരു മലേഷ്യൻ കമ്പനി മുന്നോട്ടു വന്നിരുന്നുവോ എന്നു വെളിപ്പെടുത്തുമോ;

(ബി) അവരുമായി എന്തെല്ലാം ചർച്ചകൾ നടത്തി;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിന്റെ ക്ലിയറൻസ് ലഭിച്ചുവോ;

(ഡി) ഈ പദ്ധതിയിൽ മുതൽമുടക്കുവാൻ മലേഷ്യൻ കമ്പനി ഇപ്പോൾ വൈമനസ്യം പ്രകടിപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly